## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1666** 21/1/2014 ൽ മറുപടിയ്ക്ക്

# ഇടുക്കി പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി പാക്കേജ് നടപ്പാക്കുന്നതിൽ വന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി പാക്കേജിന്റെ സമയബന്ധിതമായ പൂർത്തീകരണത്തിനായി സർക്കാർ മൂന്ന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കാർഷികോത്പാദന കമ്മീഷണർ തലവൻമാരായ ടി കമ്മിറ്റി കൃത്യമായ കാലാവധിക്ക് യോഗങ്ങൾ കൂടുകയും പദ്ധതി നടപ്പിലാക്കുന്ന വകുപ്പ് മേധാവികൾക്ക് പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിന് നിർദ്ദേശം നൽകി വരുന്നതോടൊപ്പം ജില്ലാതലത്തിൽ ജില്ലാ കളക്ടറും പദ്ധതി നിർവ്വഹണം വിലയിരുത്തി വരുന്നു. ഈയടുത്ത കാലയളവിൽ ബഹു. കൃഷിമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28/11/2013 ലും കാർഷിക ഉല്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 10/1/2014 ലും യോഗങ്ങൾ കൂടി പദ്ധതികളുടെ വിലയിരുത്തൽ നടത്തി പദ്ധതികൾ |

| | | |
|---|---|---|
| | | സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാക്കേജിന്റെ ഭാഗമായി 2011-12, 2012-13, 2013-14 എന്നീ സാമ്പത്തികവർഷങ്ങളിൽ ചിലവഴിച്ച തുകയുടെ വിവരം വർഷംതിരിച്ചു ലഭ്യമാക്കുമോ? | (ബി) |

| | | |
|---|---|---|
| 2010-2011 | | 46 കോടി |
| 2011-12 | - | 24 കോടി |
| 2012-13 | - | 44 കോടി |
| 2013-14 ഒക്ടോബർ വരെ | | 54 കോടി |
| **ആകെ** | - | **168 കോടി** |

**സെക്ഷൻ ഓഫീസർ**